LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എച്ച്.എം.റ്റി. കമ്പനിക്കുവേണ്ടി വാച്ചുകൾ സംയോജിപ്പിച്ച് കൊടുക്കുകയാണ് ആസ്ട്രൽ വാച്ചസ് കമ്പനി ചെയ്തുപോന്നിരുന്നത്. എച്ച്.എം.റ്റി. കമ്പനിയിൽ നിന്നുള്ള ഓർഡറുകളിൽ കുറവ് വന്നതിനെത്തുടർന്ന് കമ്പനി കുറെ നാളുകളായി നഷ്ടത്തിൽ പോയിക്കൊണ്ടിരിക്കുകയായിരുന്നു. വൈവിധ്യവൽക്കരണത്തിനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതിനെത്തുടർന്ന് 2002-ൽ കമ്പനി പ്രവർത്തന രഹിതമായിട്ടുള്ളതാണ്.

5-11-2002-ൽ കമ്പനി പ്രവർത്തനം നിർത്തിവച്ചു. എല്ലാ ജീവനക്കാർക്കും വി.ആർ.എസ്. കൊടുക്കുവാൻ തീരുമാനിക്കുകയും അത് കൊടുത്ത് തീർക്കുകയും ചെയ്തു.

(ബി & സി) കാസർഗോഡ് ആസ്ട്രൽ വാച്ചസ് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലവും കെട്ടിടങ്ങളും സി.എച്ച്. മുഹമ്മദ്കോയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് (SIMC) എന്ന സ്ഥാപനത്തിന് പതിച്ചുനൽകാൻ മുൻ സർക്കാർ മന്ത്രിസഭാ തീരുമാനം എടുത്തിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഈ വിഷയം പുതിയ സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) ആസ്ട്രൽ വാച്ചസ് കമ്പനി കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 1.99 ഏക്കറാണ്. ഈ സ്ഥലത്തിന്റെ നിലവിലെ ഉടമസ്ഥാവകാശം കെ.എസ്.ഐ.ഡി.സി.-യുടെ പേരിലാണുള്ളത്.

**പൊതുമേഖലാവ്യവസായ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി**

73 (344) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിൽ പുതിയ വ്യവസായസംരംഭങ്ങൾ തുടങ്ങാൻ ആലോചിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെകുറിച്ച് വിശദീകരിക്കാമോ;

(സി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടത്തിനുത്തരവാദികളായവരെ കണ്ടെത്താൻ സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റിംഗ് തൊട്ടടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് ഓരോ സ്ഥാപനത്തിനെയും ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. നമ്മുടെ പരിസ്ഥിതിക്കു യോജ്യവും കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ സാധ്യതയുള്ളതും വിപണന സാധ്യതയുള്ളതുമായ ഉൽപ്പാദനമേഖലകളിൽ പുതിയതായി പൊതുമേഖലാ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിക്കുന്നതാണ്.

(ബി&സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2015-16-ലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം 10 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ 2015-16-ലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) കമ്പനികൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടാണോയെന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വകുപ്പുതലത്തിലുള്ള അന്വേഷണം, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, വിജിലൻസ് അന്വേഷണങ്ങൾ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. അനാരോഗ്യപരമായ ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികൾക്ക് പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കാത്തതും മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. സ്ഥാപനങ്ങളിൽ നവീകരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായുള്ള പദ്ധതികൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിനായുള്ള ധനം ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് വിഘാതമാകാറുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സ്ഥാപനങ്ങളുടെ കാലാകാലങ്ങളായുള്ള മോശമായ പ്രവർത്തനത്തിന്റെ ഫലമായി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള അധികധനം കണ്ടെത്തുന്നതിലുള്ള പരിമിതികളും, പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റുകൾ തൊട്ടടുത്ത സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുവേണ്ടി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ആഡിറ്റ് ചെയ്ത റിപ്പോർട്ടിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കേണ്ടതായിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് നടപടി**

74 (345) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ ലാഭത്തിൽ പ്രവർത്തിച്ച എത്ര വ്യവസായ സ്ഥാപനങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2015-16-ലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം 10 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. ഈ കാലയളവിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബഡ്ജറ്റിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിച്ചും പ്രത്യേക ധനസഹായ പാക്കേജുകൾ അനുവദിച്ചും അത്യാവശ്യം വേണ്ട നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കിയും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാണിജ്യ ഇടപാടുകൾ സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കാൻ e-procurement സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം പല സ്ഥാപനങ്ങളും നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. അതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം പ്രവർത്തനം നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനമൂലധനമായും ഉപയോഗിക്കാറുണ്ട്. ചില സ്ഥാപനങ്ങളുടെ കാലാകാലങ്ങളായുള്ള മോശമായ പ്രവർത്തനത്തിന്റെ ഫലമായി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള അധിക ധനം ബാങ്കുകളിൽ നിന്നും മറ്റും കണ്ടെത്തുന്നതിലുള്ള പരിമിതികളും പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly